കേരള സർക്കാർ

നം.730928/എസ്.എൽ.3/2018/ധന

ധന (എസ് എൽ)വകുപ്പ്
തിരുവനന്തപുരം
തീയതി: **14.02.2018**
ഫോൺ നം:2518814
ഇ മെയിൽ:info.fin@kerala.gov.in

പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം)

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- ധനകാര്യ വകുപ്പ് - 07/2014 മുതൽ 01/2016 വരെയുള്ള കാലയളവിലെ പ്രീ റിവൈസ്ഡ് സ്കെയിലിൽ ഉള്ള ശമ്പള കുടിശ്ശിക മാനുവൽ ആയി മാറുന്നതിനുള്ള ബിൽ ട്രഷറി നിരസിക്കുന്നത് - സംബന്ധിച്ച്.

സൂചന: -
1. നാരോക്കാവ് ഹയർസെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പലിന്റെ കത്ത്.
2. മയ്യനാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ടും ലഭ്യമാക്കിയിരിക്കുന്ന കത്ത്.
3. 28.11.2017 ലെ നം .627493/എസ്.എൽ.3/2017/ധന സർക്കാർ കത്ത്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).
4. 04.06.2016 ലെ നം. 229105/എസ്.എൽ.3/2016/ധന സർക്കാർ കത്ത്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 07/2014 മുതൽ 01/2016 വരെയുള്ള കാലയളവിലെ പ്രീ റിവൈസ്ഡ് സ്കെയിലിൽ ഉള്ള ശമ്പള കുടിശ്ശിക മാനുവൽ ആയി മാറുന്നതിനുള്ള ബിൽ ട്രഷറിയിൽ സമർപ്പിച്ചപ്പോൾ 28.11.2017 ലെ കത്ത് നം.627493/എസ് എൽ 3/2017/ധന കത്ത് പ്രകാരം മാനുവൽ ബില്ലിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വേണം എന്ന് പറഞ്ഞ് ട്രഷറി, ബിൽ നിരസിച്ചിരിക്കുന്നതായി അറിയിച്ചിരിക്കുന്നു. എന്നാൽ 07/2014 മുതൽ 01/2016 വരെയുള്ള കാലയളവിലെ പ്രീ റിവൈസ്ഡ് സ്കെയിലിൽ ഉള്ള ശമ്പള കുടിശ്ശിക മാനുവൽ ആയി മാറുന്നതിന് 04.06.2016 ലെ 229105/എസ് എൽ 3/2016 കത്ത് പ്രകാരം ഇപ്പോഴും സാധുത നിലനിൽക്കുന്നുണ്ട് എന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
സുരേഷ് കുമാർ ഒ.ബി.
ധനകാര്യ അണ്ടർ സെക്രട്ടറി
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

പകർപ്പ്:- സ്പാർക്ക് പി.എം.യു., തിരുവനന്തപുരം (പരാതിക്കാരന് കത്ത് നൽകുന്നതിനു വേണ്ടി).